"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ
ധനകാര്യ (വ്യയം-സി) വകുപ്പ്

സർക്കുലർ

നം. 28/2025/ധന **തിരുവനന്തപുരം, തീയതി: 02.04.2025**

വിഷയം:- അവധിയാത്രാ ആനുകൂല്യം (Leave Travel Concession) പ്രയോജനപ്പെടുത്തി നടത്തുന്ന വിമാനയാത്രയുടെ നിരക്ക് - പരിധി പുതുക്കി നിശ്ചയിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. സ.ഉ(പി) നം. 05/2013/ധന തീയതി 02/01/2013.
2. സർക്കുലർ നം. 10/2019/ധന തീയതി 02/02/2019.
3. സർക്കുലർ നം. 94/2019/ധന തീയതി 03/12/2019.

സൂചന (1) ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്കു അവധി യാത്രാ ആനുകൂല്യം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും സൂചന (2) സർക്കുലർ പ്രകാരം ഇത് സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും സ്പഷ്ടീകരണവും പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന (3) സർക്കുലർ പ്രകാരം അവധിയാത്രാ ആനുകൂല്യം പ്രയോജനപ്പെടുത്തി നടത്തുന്ന വ്യോമയാത്രയ്ക്ക് താഴെ പറയുന്ന പരിധി ഏർപ്പെടുത്തിയിരുന്നു.

"The maximum allowable air fare rate for LTC shall not exceed Rs. 10,000/- up to an aerial distance of 2500 km. Beyond that aerial distance, where there is direct flight, the ceiling shall be Rs.10,000/- and if there is change of flights involved above 2500 km distance, the limit shall be Rs.15,000/-."

2. എന്നാൽ സൂചന (3) സർക്കുലറിൽ വ്യക്തത കുറവ് ഉള്ളതായും പല ഓഫീസുകളിലും വ്യത്യസ്ത രീതിയിലാണ് ഈ സർക്കുലർ വ്യാഖ്യാനിച്ച് പ്രയോഗിം അനുവദിക്കുന്നതെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

"അവധിയാത്രാ ആനുകൂല്യം ഉപയോഗിച്ച് വ്യോമയാത്രയ്ക്ക് അർഹതയുള്ള ഉദ്യോഗസ്ഥർ വ്യോമയാത്ര നടത്തുമ്പോൾ 'change of flight' എന്ന നിബന്ധന ഒഴിവാക്കി ഒരു ദിശയിലേക്ക് ഒരാൾക്ക് 15,000/- രൂപ നിരക്കിലോ അല്ലെങ്കിൽ യഥാർത്ഥത്തിൽ ചെലവായ തുകയോ ഏതാണോ കുറവ് ആയത് അനുവദിക്കാവുന്നതാണ്."

3. അവധിയാത്രാ ആനുകൂല്യം അനുവദിച്ച് കൊണ്ട് തീർപ്പാക്കിയ ക്ലെയിമുകൾ ഈ സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കേണ്ടതില്ല. സർക്കുലർ തീയതി മുതൽ തീർപ്പാക്കാനുള്ള ക്ലെയിമുകൾക്ക് പുതുക്കിയ പരിധി ബാധകമാക്കാവുന്നതാണ്.

ഗീത എം.
അഡീഷണൽ സെക്രട്ടറി

പകർപ്പ്:-

1. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ് -II) കേരള, തിരുവനന്തപുരം
3. എല്ലാ വകപ്പുതലവന്മാർക്കും, ഓഫീസുകൾക്കും
4. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
6. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
7. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
8. അഡ്വക്കേറ്റ് ജനറൽ, എറണാകുളം
9. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/ശ്രീ.ശങ്കരാചാര്യ/മഹാത്മാഗാന്ധി സർവകലാശാലകൾ.
10. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ
11. ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം
12. ഗവർണ്ണറുടെ സെക്രട്ടറി
13. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിൻറ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ.
14. സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
15. ഡയറക്ടർ ജനറൽ ഓഫ് പോലീസ്, തിരുവനന്തപുരം.
16. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
17. പ്രതിപക്ഷ നേതാവിന്റെയും ഗവ.ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
18. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
19. സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ്
20. സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
21. സെക്രട്ടറി, ഓംബുഡ്സ്മാൻ, തിരുവനന്തപുരം
22. നോഡൽ ഓഫീസർ www.finance.kerala.gov.in
23. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (E-2801678)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ